**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 448** | **23-06-2026-ൽ മറുപടിയ്ക്ക്**

**<u>മട്ടന്നൂർ കിൻഫ്ര പാർക്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** മട്ടന്നൂർ കിൻഫ്ര പാർക്കിന് അനുബന്ധമായുള്ള ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

**<u>മറുപടി:</u>** മട്ടന്നൂർ കിൻഫ്ര പാർക്കിന് അനുബന്ധമായുള്ള ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.

- കീഴല്ലൂർ, അഞ്ചരക്കണ്ടി, പട്ടുവിലായി വില്ലേജുകളിലായി 194.4405 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്.
- ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി 204.8739 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് തയ്യാറാക്കിയ സ്കെച്ച് ജില്ലാ കലക്ടർക്ക് കൈമാറി. സബ്ബ് ഡിവിഷൻ നടപടികൾ പുരോഗമിക്കുന്നു.
- പടിയൂർ, കല്ല്യാട് വില്ലേജുകളിലായി 286.8813 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 19(1) പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിക്കുന്നു.
- കൂടാളി, പട്ടാനൂർ, കീഴല്ലൂർ വില്ലേജുകളിൽ നിന്നായി 127.0487 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 19(1) പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിക്കുന്നു.
- കൂടാളി, പട്ടാനൂർ വില്ലേജുകളിൽ നിന്നായി 416.7531 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. സർവ്വെ സബ്ബ് ഡിവിഷൻ വർക്കുകൾ പുരോഗമിക്കുന്നു.
- കോളാരി വില്ലേജിലെ 354.9515 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. സർവ്വെ സബ്ബ് ഡിവിഷൻ വർക്കുകൾ പുരോഗമിക്കുന്നു.
- കോളാരി വില്ലേജിലെ 68.2787 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. സർവ്വെ സബ്ബ് ഡിവിഷൻ വർക്കുകൾ പുരോഗമിക്കുന്നു.
- ചാവശ്ശേരി വില്ലേജിലെ 92.30 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു.

**സെക്ഷൻ ഓഫീസർ**